ഐ. എ. എസ്സും, ഐ. പി. എസ്സും ആഫീസറന്മാർ.

* 275. [18] ശ്രീ. വി. ശ്രീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നമ്മുടെ സംസ്ഥാനത്തു് ആകെ എത്ര ഐ. എ. എസ്സും, ഐ. പി. എസ്സും ആഫീസറന്മാർ ഉണ്ടു് ;

(ബി) എന്നു മുതൽക്കാണു് ഇവരെ ഐ. എ. എസ്സും, ഐ പി. എസ്സും ആഫീസറന്മാരായി പ്രഖ്യാപിച്ചതു് ;

(സി) ഐ. എ. എസ്സും, ഐ. പി. എസ്സും ആഫീസറന്മാരായി മുൻപും പിൻപും ഇവരുടെ ശമ്പളം യഥാക്രമം എത്ര വീതം ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഐ. എ. എസ്സു്. 16.
ഐ. പി. എസ്സു്. 7.

(ബി ആൻഡു് സി) വിവരങ്ങൾ അടങ്ങിയ സ്റ്റേറ്റുമെൻറ് മേശപ്പുറത്തു് വച്ചിട്ടുണ്ടു്. †

കണ്ടിജൻസി ജീവനക്കാർ.

* 276. [19] ശ്രീ. വി. ശ്രീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ടിജൻസിജീവനക്കാരെ ഗവണ്മെൻറ് ജീവനക്കാരായി ഈ ഗവണ്മെൻറ് അംഗീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്നുമുതൽക്കു് ;

(സി) ഈ അടുത്ത കാലത്തായി ഗവണ്മെൻറ് ജീവനക്കാർക്കു് ഈ ഗവണ്മെൻറ് നടപ്പിൽ വരുത്തിയിട്ടുള്ള ശമ്പള പരിഷ്കരണം ഇവർക്കും കൂടി ബാധകമാക്കിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) കണ്ടിജൻസി ജീവനക്കാരെ ഗവണ്മെൻറ് സർവ്വീസിലെ ഒരു വിഭാഗമായിട്ടാണു് കരുതിപ്പോരുന്നതു്.

(ബി) ഇങ്ങനെ ഒരു പ്രശ്നം ഉദിക്കുന്നില്ല.

(സി) ഏതാണ്ടു് കണ്ടിജൻസി ജീവനക്കാരെ ഉൾപ്പെടുത്തിയിട്ടുണ്ടു്.

(ഡി) ചോദ്യം മൻവിവരിച്ചതിൽനിന്നും ഉദിക്കുന്നില്ല.

† Please see Appendix IV

LIBRARY ARCHIVES Kerala Legislative Assembly